**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **13-02-2025 - ൽ മറുപടിയ്ക്ക്**

**ട്രെയിൻ യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രെയിൻ യാത്രാദുരിതം ദൈനംദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ട്രെയിൻ യാത്രാദുരിതം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനായി കേന്ദ്ര റെയിൽവെ മന്ത്രിയുമായി നിരന്തരം കത്തിടപാട് നടത്തുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്. 2024 ഒക്ടോബർ 16 ന് ബഹു. മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ വകുപ്പ മന്ത്രിയുമായി നടത്തിയ ചർച്ചയിൽ റെയിൽവേ കോച്ചുകളുടെ എണ്ണം കുറയുന്ന കാര്യ ഉന്നയിക്കുകയും വന്ദേഭരതിന്റെ കോച്ചുകളുടെ എണ്ണം കൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് വന്ദേഭാരതിന്റെ കോച്ചുകളുടെ എണ്ണം 16 ൽ നിന്ന് 20 ആക്കുകയും ചെയ്തിട്ടുണ്ട്. വന്ദേഭാരത് പോകുന്നതിനായി പല സ്ഥലത്തും ട്രെയിനുകൾ പിടിച്ചിടുന്നു എന്നുള്ള വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിരുന്നു, ഇതേത്തുടർന്ന് മറ്റ് ട്രെയിനുകൾ പിടിച്ചിടുന്നത് കുറച്ചിട്ടുണ്ട്. 2024 ജൂലൈ 3-ന് ദക്ഷിണ റെയിൽവെ അധികൃതരുമായി നടത്തിയ ചർച്ചയിൽ പാസഞ്ചർ ട്രെയിനുകളുടെ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെ കുറിച്ചും, മറ്റ് ട്രെയിനിലെ സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കിയ വിഷയവും ചർച്ച ചെയ്യുകയുണ്ടായി. ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് റെയിൽവെ അധികൃതർ ഉറപ്പ നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പരശുറാം എക്സ്പ്രസിന് രണ്ട് കോച്ചുകൾ കൂടി അനുവദിക്കുകയും ചെയ്തു. |
| (ബി) | എങ്കിൽ മേൽപ്പറഞ്ഞ ആവശ്യങ്ങളിന്മേൽ ഏതെല്ലാം 2025-26-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ട്രെയിൻ യാത്രയുമായി ബന്ധപ്പെട്ട് സ്ലീപ്പർ കോച്ചുകൾ വർദ്ധിപ്പിക്കുക, ട്രെയിനുകളുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിക്കുക തുടങ്ങിയവ കേന്ദ്ര |

| | | | |
|---|---|---|---|
| | | | ബജറ്റിൽ ഉൾപ്പെടുത്താറില്ല. മറിച്ച് ഇവ റെയിൽവേ ടൈം ടേബിളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നവയാണ്. |
| (സി) | സംസ്ഥാനത്ത് സർവ്വീസ് നടത്തിയിരുന്ന പാസഞ്ചർ ട്രെയിനുകൾ പലതും നിർത്തലാക്കിയതും ദീർഘദൂര ട്രെയിനുകളിലെ സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറയ്ക്കുന്നതും കാരണം ട്രെയിൻ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | എ.സി ത്രീ ടയർ കമ്പാർട്ട്മെന്റുകളാണ് മിക്ക ട്രെയിനുകളിലും ഏറ്റവും കൂടുതൽ യാത്രക്കാർ ബുക്കിംഗ് സമയത്ത് ആവശ്യപ്പെടുന്നത് എന്നാണ് റെയിൽവെ അറിയിച്ചിട്ടുള്ളത്. അതെ സമയം ട്രെയിനിൽ ഉൾപ്പെടുത്താൻ കഴിയുന്ന പരമാവധി ബോഗികളുടെ (റെയിൽ കാർ) എണ്ണത്തിൽ വർദ്ധനവ് വരുത്തുവാൻ സാധിക്കുകയില്ല. ഈ അവസരത്തിലാണ് സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറച്ച് എ.സി കംപാർട്ട്മെന്റുകൾ ട്രെയിനുകളിൽ കൂടുതൽ ഉൾകപ്പെടുത്തുന്നത് എന്ന് റെയിൽവെ അറിയിച്ചിട്ടുണ്ട്. ഇത് സാധാരണ ട്രെയിൻ യാത്രക്കാർക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. കേരളത്തിലെ ട്രെയിൻ യാത്രക്കാർ നേരിടുന്ന ഇത്തരം പ്രശ്നങ്ങളെല്ലാം റെയിൽവെ മന്ത്രാലയത്തിന്റെ ശ്രദ്ധയിലും റെയിൽവെയുടെ ഉന്നത ഉദ്യോഗസ്ഥരുടെ ശ്രദ്ധയിലും പെടുത്തിയിട്ടുണ്ട്. |
| (ഡി) | അതിവേഗ ട്രെയിനുകൾ ലാഭകരമാക്കുന്നതിനായി എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ട്രെയിനുകളിലെ കോച്ചുകളുടെ എണ്ണം കുറയ്ക്കുകയും അവിചാരിതമായി ട്രിപ്പുകൾ നിർത്തലാക്കുകയും ചെയ്യുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | അത്തരമൊരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ല. എന്നിരുന്നാലും ആയതു പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളുന്നതാണ്. |
| (ഇ) | നിലവിൽ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ജനറൽ, സ്ലീപ്പർ കമ്പാർട്ടുമെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ട്രെയിനുകൾ അനുവദിക്കുന്നതിനും ആവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ? | (ഇ) | നിലവിൽ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ജനറൽ, സ്ലീപ്പർ കമ്പാർട്ടുമെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ട്രെയിനുകൾ അനുവദിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമെല്ലാമായി കേന്ദ്ര റെയിൽവെ മന്ത്രിയുമായി നിരന്തരം കത്തിടപാട് നടത്തുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തുവരികയാണ്. കേരളത്തിലെ ട്രെയിൻ യാത്രക്കാർ നേരിടുന്ന ഇത്തരം പ്രശ്നങ്ങളെല്ലാം റെയിൽവെ മന്ത്രാലയത്തിന്റെ ശ്രദ്ധയിലും റെയിൽവെയുടെ ഉന്നത ഉദ്യോഗസ്ഥരുടെ ശ്രദ്ധയിലും പെടുത്തിയിട്ടുണ്ട്. തുടർന്നും ഈ കാര്യത്തിൽ ഇടപെടുന്നതാണ്. |

സെക്ഷൻ ഓഫീസർ